# കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3749 — 15/05/2017 ന് മറുപടിയ്ക്ക്

**വൊക്കേഷണൽ ജി.എഫ്.സി. അദ്ധ്യാപികയെ സ്ഥിരപ്പെടുത്തുന്നതിന് നടപടി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വിദ്യാഭ്യാസ വകുപ്പിൽ 2007-നു മുൻപ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസം സേവന കാലാവധിയുള്ള വികലാംഗരെ ഇനിയും സ്ഥിരപ്പെടുത്തുവാനുണ്ടോ; | (എ) തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വകുപ്പിൽ 2007 ന് മുമ്പ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസം സേവന കാലാവധിയുള്ള വികലാംഗരെ സ്ഥിരപ്പെടുത്താനില്ല. |
| (ബി) 2007-ന് മുൻപ് 179 ദിവസം സേവനകാലാവധി പൂർത്തിയാക്കിയതും ഇപ്പോൾ താൽക്കാലിക അടിസ്ഥാനത്തിൽ ചെങ്ങന്നൂർ ഗവ.ഗേൾസ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ നോൺ വൊക്കേഷണൽ ജി.എഫ്.സി. അദ്ധ്യാപികയായി ജോലി ചെയ്യുന്നതുമായ വികലാംഗയായ സി.ജെ.സിജിമോളെ നാളിതുവരെ സ്ഥിരപ്പെടുത്താത്തതിന്റെ കാരണം വിശദീകരിക്കുമോ; | (ബി) & സി) 23.10.2014 ലെ സ.ഉ(എം.എസ്) നം.88/2014/സാ.നീ.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 19.1.2015 ലെ ഇ4/8295/13 നമ്പർ ഉത്തരവു പ്രകാരം ശ്രീമതി സി.ജെ.സിജിമോൾക്ക് ചെങ്ങന്നൂർ ഗവ.ഗേൾസ് വി.എച്ച്.എസ്.സ്കൂളിൽ ജി.എഫ്.സി. അദ്ധ്യാപികയായി പുനർ നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളിൽ 2 കോഴ്സുകൾ മാത്രമാണ് നിലവിലുള്ളത്. 2 കോഴ്സുകൾ മാത്രമുള്ള സ്കൂളുകളിൽ ജി.എഫ്.സി അദ്ധ്യാപകരെ കൺസോളിഡേറ്റഡ് ശമ്പളത്തിലാണ് നിയമിക്കുന്നത്. ആയതിനാൽ ശ്രീമതി സിജി മോളെ കൺസോളിഡേറ്റഡ് ശമ്പളത്തിലാണ് ചെങ്ങന്നൂർ ഗവ.ഗേൾസ് സ്കൂളിൽ നിയമിച്ചിട്ടുള്ളത്. |
| സി) വികലാംഗയായ ശ്രീമതി സി.ജെ.സിജിമോളെ എന്ന് സർവ്വീസിൽ സ്ഥിരപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ